പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5705

28.03.2018-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ അസിസ്റ്റന്റുമാർക്ക് മറ്റ് സ്ഥാപനങ്ങളിൽ പുനർനിയമനം

ചോദ്യം

ശ്രീ.കോവൂർ കുഞ്ഞുമോൻ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| | മുൻ വർഷങ്ങളിൽ വിവിധ കമ്പനി - കോർപറേഷനുകളിലേയ്ക്ക് ഒറ്റ പരീക്ഷ മാത്രം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിനാൽ ഉയർന്ന റാങ്ക് ലഭിച്ചിട്ടും ഉയർന്ന ശമ്പളവും പ്രൊമോഷൻ സാധ്യതയും ഉള്ള കെ എസ് ഇ ബി, കെ എസ് എഫ് ഇ എന്നിവിടങ്ങളിൽ നിയമനം ലഭിക്കാതെ കെ.എസ്.ആർ.ടി.സി യിൽ നിയമനം ലഭിച്ചവർക്ക്, നിലവിൽ പി.എസ്.സി ഇതിലേയ്ക്ക് വെവ്വേറെ പരീക്ഷകൾ നടത്തി നിയമനം നടത്തുന്നതിനാലും, കെ.എസ്.ആർ.ടി.സി യുടെ നിലവിലെ സാഹചര്യം | വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് താരതമ്യേന മെച്ചപ്പെട്ട സ്ഥാപനങ്ങളെ ഒരു ഗ്രൂപ്പായും അല്ലാത്തവയെ മറ്റൊരു ഗ്രൂപ്പായും തരംതിരിച്ച് വ്യത്യസ്ത കാറ്റഗറികൾ ആയി വിജ്ഞാപനം ചെയ്തുകൊണ്ടാണ് 31.12.2011 ലും പിന്നീട് 13.10.2017 ലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ 28.03.2007 ലെ ഗസറ്റിൽ മേൽപറഞ്ഞ എല്ലാ സ്ഥാപനങ്ങളെയും ഒറ്റ ഗ്രൂപ്പായി പരിഗണിച്ചാണ് വിജ്ഞാപനം ചെയ്തിരുന്നത്. ഇതിൽ ഒട്ടേറെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നു. അവയുടെയെല്ലാം സാമ്പത്തിക |

| | | | |
|---|---|---|---|
| | കണക്കിലെടുത്തും അവരുടെ ആഗ്രഹമനുസരിച്ച് കെ എസ് ഇ ബി, കെ എസ് എഫ് ഇ എന്നിവിടങ്ങളിലേക്ക് പുനർ-നിയമിക്കാനുള്ള നടപടി സ്വീകരിക്കാമോ? | | ആനുകൂല്യങ്ങൾ വ്യത്യസ്തവുമാണ്. സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്ത മുറയ്ക്ക് റൊട്ടേഷൻ തത്ത്വങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ KSRTC യിലും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിരുന്നു. KSRTC യിൽ നിയമനം ലഭിച്ചവരെ മറ്റിടങ്ങളിലേക്ക് പുനർ നിയമിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ